**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 128** **10-06-2024 - ൽ മറുപടിയ്ക്ക്**

**ചട്ട വിരുദ്ധ ഗ്രനേഡ് ജലപീരങ്കി പ്രയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2023 ഡിസംബർ മാസത്തിൽ ഡി.ജി.പി. ഓഫീസിലേക്ക് മുഖ്യ പ്രതിപക്ഷ പാർട്ടി നടത്തിയ മാർച്ചിന്റെ ഉദ്ഘാടന വേദിയിലേക്ക് കേരള പോലീസ് മാനുവലിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി ഗ്രനേഡും ജലപീരങ്കിയും പ്രയോഗിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഏത് സാഹചര്യത്തിൽ ആണെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത സംഭവത്തിൽ നടപടിക്രമങ്ങൾ പാലിച്ച് മുന്നറിയിപ്പുകൾ നൽകിയാണോ പ്രസ്തുത ആയുധങ്ങൾ പ്രയോഗിച്ചിട്ടുള്ളത്; അല്ലെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) | 2023 ഡിസംബർ മാസത്തിൽ ഡി.ജി.പി. ഓഫീസിലേക്ക് മുഖ്യ പ്രതിപക്ഷ പാർട്ടി നടത്തിയ പ്രതിഷേധ മാർച്ചിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നേരെ കല്ലേറുണ്ടായി. പ്രതിഷേധം നിയന്ത്രണാതീതമായ സന്ദർഭത്തിൽ ജല പീരങ്കി ഉപയോഗിച്ച് നിയന്ത്രിക്കാൻ ശ്രമിച്ചുവെങ്കിലും ആയത് പോരാതെ വന്നു. എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിനെ സ്ഥിതിഗതികൾ അറിയിച്ച ശേഷം കണ്ണീർ വാതകം പോലുള്ള മറ്റ് പ്രതിരോധ നടപടികൾ സ്വീകരിക്കുകയുണ്ടായി. പ്രസ്തുത നടപടിയിലേയ്ക്ക് കടക്കുന്നതിനു മുമ്പ് പാലിക്കേണ്ട മുന്നറിയിപ്പുകൾ യഥാവിധി നൽകിയ ശേഷമാണ് ഈ നടപടിയിലേയ്ക്ക് പോലീസ് കടന്നിട്ടുള്ളത്. |
| (സി) | പ്രസ്തുത ആക്ഷേപത്തെക്കുറിച്ച് ഡി.ജി.പി. അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ്; ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (സി) | പ്രസ്തുത ആരോപണങ്ങളെ സംബന്ധിച്ച് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ മുഖേന വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതാണ്. സമരസ്ഥലം ഒരു Y- ജംഗ്ഷൻ ആയതിനാൽ എല്ലാ വശങ്ങളിൽ നിന്നുമുള്ള കാറ്റ് മൂലം സ്റ്റേജ് ഉൾപ്പെടെ എല്ലാ ഭാഗത്തും കണ്ണീർ വാതകം വ്യാപിക്കുകയാണ് ഉണ്ടായിട്ടുള്ളത്.<br><br>വേദിയിൽ ഉണ്ടായിരുന്ന നേതാക്കൾക്കെതിരെയോ, തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കെതിരെയോ യാതൊരുവിധ നടപടിയും പോലീസിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. പോലീസ് സമയോചിതമായി |

| | | | |
|---|---|---|---|
| | | | നടപടി സ്വീകരിച്ചില്ലായിരുന്നെങ്കിൽ ജനക്കൂട്ടം ബാരിക്കേഡ് തകർത്ത് കൂടുതൽ അക്രമം അഴിച്ചു വിടുമായിരുന്നു. സംഭവത്തിന്റെ അടിസ്ഥാനത്തിൽ അന്നേ ദിവസം തന്നെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ. 1650/2023 പ്രകാരം തിരിച്ചറിഞ്ഞ 7 പേർക്കെതിരെയും തിരിച്ചറിയാവുന്ന 500 പേർക്കെതിരെയും Sec. 143, 147, 149, 148, 283, 324, 353 IPC, 39 r/w 121 of KP Act, 5 of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ